പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2197 — 22.01.2014 -ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പാസ് വിതരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ എത്ര പേർക്ക് ഫീസ് ഈടാക്കി യാത്രാ പാസ് നൽകിയിട്ടുണ്ട് ; | (എ) | കെ.എസ്.ആർ.ടി.സിയിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സിയിൽ ജോലി നോക്കുന്ന മൂന്ന് ജീവനക്കാർക്ക് പ്രതിമാസം 500/- രൂപ ഫീസ് ഈടാക്കി യാത്രാ പാസ് നൽകിയിട്ടുണ്ട്. മറ്റു ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർ ഫീസ് ഒടുക്കാത്തതിനാൽ യാത്രാ പാസ് നൽകുന്നില്ല. |
| (ബി) | എങ്കിൽ ആ വകയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച തുക ഓരോ ഇനവും പട്ടിക തിരിച്ച് കാലയളവ് കാണിച്ച് വെളിപ്പെടുത്താമോ ; | (ബി) | 2013 വർഷത്തിൽ കെ.റ്റി.ഡി.എഫ്.സി. യിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന മൂന്ന് ജീവനക്കാർക്ക് പാസ് അനുവദിച്ച ഇനത്തിൽ 18000/- രൂപ കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) | പാസ് നൽകിയിട്ടുള്ളവരിൽ നിന്നും പ്രതിവർഷ ഫീസായി എന്ത് തുക ഈടാക്കി ; | (സി) | ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും നിലവിലെ നിരക്ക് പ്രകാരം പ്രതിവർഷം 6000/- രൂപ പാസ് ഇനത്തിൽ ഈടാക്കുന്നുണ്ട്. |
| (ഡി) | ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച തുക പ്രതി വർഷ കണക്കിൽ പേരുവിവരം സഹിതം വെളിപ്പെടുത്തുമോ ? | (ഡി) | കെ.റ്റി.ഡി.എഫ്.സിയിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ജീവന ക്കാർക്ക് പാസ് അനുവദിച്ചയിനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പേര് | തസ്തിക | സ്ഥാപനം | 2009 (തുക) | 2010 (തുക) | 2011 (തുക) | 2012 (തുക) | 2013 (തുക) |
|---|---|---|---|---|---|---|---|---|
| 1 | ബി.എസ്.പ്രകാശ് | മെക്കാനിക്ക് | കെ.റ്റി.ഡി. എഫ്.സി | 6000 | 6000 | 6000 | 6000 | 6000 |
| 2 | എം.ജെ. പോൾ | ഡ്രൈവർ | കെ.റ്റി.ഡി. എഫ്.സി | 6000 | 6000 | 6000 | 6000 | 6000 |
| 3 | കെ.മനോജ് | കണ്ടക്ടർ | കെ.റ്റി.ഡി. എഫ്.സി | 6000 | 6000 | 6000 | 6000 | 6000 |
| ആകെ തുക | | | | 18000 | 18000 | 18000 | 18000 | 18000 |

സെക്ഷൻ ഓഫീസർ